2023
AUGUST
22
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

ആയുഷ് മേഖല: 177.5 കോടിയുടെ പദ്ധതികൾക്ക് അംഗീകാരം

തിരുവനന്തപുരം: സംസ്ഥാന ആയുഷ് മേഖലയിൽ ഈ സാമ്പത്തിക വർഷം 177.5 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആദിവാസി മേഖലയിൽ 15 കോടി രൂപ ചെലവിൽ ഒരു ആശുപത്രിയും 10.5 കോടി ചിലവിൽ 2 ആശുപത്രികളും ഉൾപ്പെടെ 4 പുതിയ ആയുഷ് സംയോജിത ആശുപത്രികൾ സജ്ജമാക്കും. വർക്കല പ്രകൃതി ചികിത്സാ ആശുപത്രി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ 15 കോടി രൂപ അനുവദിച്ചു. 87 ആയുഷ് ആശുപത്രികളെ 30 ലക്ഷം മുതൽ 1 കോടി രൂപവരെ ചെലവഴിച്ച് നവീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.സംസ്ഥാനത്തെ എല്ലാ സർക്കാർ ഹോമിയോപ്പതി ആശുപത്രികളിലും ഫിസിയോതെറാപ്പി യൂണിറ്റുകളും എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും ആയുഷ് ലോഞ്ചുകളും സ്ഥാപിക്കും. 17 ആയുർവേദ ആശുപത്രികളെ മെഡിക്കൽ ടൂറിസം പദ്ധതിക്കായി സജ്ജമാക്കും. 50 ആയുർവേദ, ഹോമിയോപ്പതി ആശുപത്രികളെ എൻഎബിഎച്ച് നിലവാരത്തിലേക്ക് ഉയർത്തും. സംസ്ഥാനത്തെ ഭാരതീയ ചികിത്സാ വകുപ്പിലെയും ഹോമിയോപ്പതി വകുപ്പിലെയും എല്ലാ ചികിത്സാ കേന്ദ്രങ്ങൾക്കും ഈ പദ്ധതിയിലൂടെ ഗുണഫലം ഉണ്ടാകും. സ്പോർട്സ് ആയുർവേദ പദ്ധതി, ദിന പഞ്ചകർമ പദ്ധതി, വിളർച്ചാ നിവാരണത്തിനായുള്ള അരുണിമ പദ്ധതി ഉൾപ്പെടെ ഒട്ടനേകം പൊതുനാരോഗ്യ പരിപാടികൾ വലിയ തോതിൽ വിപുലീകരിക്കും. ഹോമിയോപ്പതിയിലൂടെ പ്രീ ഡയബറ്റീസ് പ്രതിരോധത്തിനായുള്ള പ്രത്യേക പദ്ധതി, സിദ്ധ, യുനാനി തെറാപ്പി കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കും. ആയുഷ് മേഖലയ്ക്ക് പ്രത്യേക എൻജിനിയറിങ് വിഭാഗം, നൂതനമായ എൽ.എം.എസ്. (ഘലമൃിശിഴ ങമിമഴലാലിേ ട്യെലോ) എന്നിവ സജ്ജമാക്കും.
സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും ഹോമിയോ ഡിസ്പെൻസറി സജ്ജമാക്കുന്നതിന്റെ ഭാഗമായി 35 പഞ്ചായത്തുകളിലും 7 മുൻസിപ്പാലിറ്റികളിലും ഹോമിയോപ്പതി സേവനം ലഭ്യമാക്കുന്നതിനുള്ള തുകയും ഇതിലുൾക്കൊള്ളിച്ചിട്ടുണ്ട്.എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും ജീവിതശൈലീ രോഗ ചികിത്സയ്ക്കായി ഉന്നതതല കേന്ദ്രങ്ങൾ സജ്ജമാക്കും. കോഴിക്കോട് പുറക്കാട്ടീരി കുട്ടികളുടെ സ്പെഷ്യലിറ്റി ആയുർവേദ ആശുപത്രിക്കും ഇടുക്കി പാറേമാവ് ആയുർവേദ പാലിയേറ്റീവ് കെയർ ആശുപത്രിക്കും പ്രത്യേക പദ്ധതിയും അനുവദിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷൻ മുഖേനയാണ് ഈ പ്രവർത്തികൾ നടപ്പിലാക്കുന്നത്.

ചന്ദ്രയാൻ – മൂന്ന്

ലാൻഡിംഗ് നാളെ

ബംഗളൂരു: ചന്ദ്രൻയാൻ മൂന്ന് ദൗത്യത്തിന്റെ ഏറ്റവും നിർണ്ണായകമായ ലാൻഡർ താഴ്ത്തൽ നാളെ ആരംഭിക്കും. താഴ്ത്തലിന് തൊട്ടു മുമ്പുള്ള നിമിഷങ്ങൾ ഏറെ നിർണ്ണായകമാണെന്നാണ് ഐ.എസ്.ആർ.ഒ അധികൃതർ വ്യക്തമാക്കുന്നത്.നാളെ വൈകിട്ട് 5.45ന് ചന്ദ്രോപരിതലത്തിൽനിന്ന് ഏകദേശം 30 കിലോമീറ്റർ ഉയരത്തിൽനിന്ന് വിക്രം ലാൻഡർ താഴ്ത്താനാരംഭിക്കും. അതിനു മുൻപുതന്നെ ലാൻഡറിലും റോവറിലുമുള്ള ഉപകരണങ്ങളുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കും. 20 മിനിറ്റ് കൊണ്ട് ലാൻഡർ ചന്ദ്രോപരിതലം തൊടും. ചന്ദ്രപ്രതലത്തിലേക്ക് ഇറങ്ങാനാരംഭിച്ചാൽ ലാൻഡറിനെ ഭൂമിയിൽനിന്നു നേരിട്ടു നിയന്ത്രിക്കാനാകില്ല. ഡേറ്റ അപ്‌ലോഡ് ചെയ്താണ് നിർദേശങ്ങൾ നൽകുന്നത്. ലാൻഡ് ചെയ്യുന്ന ഓരോ നിമിഷത്തെയും വിവരങ്ങൾ അപ്പപ്പോൾ കൺട്രോൾ സെന്ററിൽ ലഭിക്കും. ഇത്തവണ ചന്ദ്രയാൻ ദൗത്യം വിജയിക്കുമെന്നുതന്നെയാണ് പ്രതീക്ഷയെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ കെ.ശിവൻ വ്യക്തമാക്കി.ചന്ദ്രയാൻ ലാൻഡിംഗ് ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ തൽസമയം കാണാൻ സൗകര്യം ഉണ്ട്.തൽസമയ സംപ്രേഷണം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ഒരുക്കുമെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ഐഎസ്ആർഒയുമായി ചേർന്ന് നാളെ വൈകിട്ട് അഞ്ചു മണി മുതൽ രാത്രി പത്ത് മണി വരെയാണ് സംവിധാനം ഒരുക്കുന്നത്. 6.04 ന് ലൂണാർ ലാൻഡിംഗിന്റെ ദൃശ്യങ്ങൾ വലിയ സ്ക്രീനിൽ കാണാൻ സാധിക്കും.കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും അമ്യൂസിയം ആർട് സയൻസും ചേർന്ന് ഡിസംബറിൽ തോന്നയ്ക്കൽ ലൈഫ്



സയൻസ് പാർക്കിൽ നടത്തുന്ന ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ കേരളയുടെ കർട്ടൻ റെയ്സർ പരിപാടിയായി മൂൺ സെൽഫി പോയിന്റും സജ്ജമാക്കും. 'നൈറ്റ് അറ്റ് ദി മ്യൂസിയം'പരിപാടിയുടെ ഭാഗമായി രാത്രി പത്തു മണി വരെ വാനനിരീക്ഷണ സൗകര്യം നാളെയുണ്ടാകും.മുഖ്യമന്ത്രിയുടെ ശാസ്ത്രോപദേഷ്ടാവ് ഡോ. എം.സി. ദത്തൻ, ഗവേഷകരായ ഡോ. അശ്വിൻ ശേഖർ, ഡോ. വൈശാഖൻ തമ്പി എന്നിവർ ചാന്ദ്രദൗത്യത്തെപ്പറ്റി സംസാരിക്കും. പങ്കെടുക്കുന്നവരുടെ സംശയങ്ങൾക്ക് അവർ മറുപടി നൽകും.

ഡിസിഎ പ്രവേശനം: തീയതി നീട്ടി

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കോൾകേരള മുഖേന തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡി.സി.എ കോഴ്സ് ഒമ്പതാം ബാച്ചിന്റെ പ്രവേശന തീയതി സെപ്റ്റംബർ 11 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും നീട്ടി. നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് അടച്ച് www.scolekerala.org മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭിക്കും.

പൈൽസ് ആണോ പ്രശ്നം ?
KUROL
TABLET
A NATURAL & SAFE REMEDY FOR PILES
100% ആയുർവ്വേദം
12 അമൂല്യ ഔഷധങ്ങളുടെ മിശ്രിതം
Free Doctor Consultation
759 383 4781
Customer Care No
+91 7559964455
PUNARJITH
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES
60 TABLETS
Available on Amazon
എല്ലാ ഇംഗ്ലീഷ് ആയുർവേദ മരുന്ന് കടകളിലും ലഭ്യം
www.punarjith.com

കെൽട്രോൺ ജേണലിസം പഠനത്തിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന ഒരു വർഷത്തെ മാധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമയുടെ 202324 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിന്റ് മീഡിയ ജേണലിസം, ടെലിവിഷൻ ജേണലിസം, സോഷ്യൽ മീഡിയ ജേണലിസം, മൊബൈൽ ജേണലിസം, ഡാറ്റാ ജേണലിസം, ആങ്കറിങ്, ന്യൂസ് ക്യാമറ, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിലാണ് പരിശീലനം ലഭിക്കുക. പഠനത്തോടൊപ്പം മാധ്യമ സ്ഥാപനങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി ഇന്റേൺഷിപ്പ് ചെയ്യുവാൻ അവസരം ലഭിക്കും. വിജയകരമായി കോഴ്സ് പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസും നൽകും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി 30 വയസ്. അപേക്ഷകൾ ഓഗസ്റ്റ് 26നകം തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ ലഭിക്കണം. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും ഫോൺ 954495 8182. വിലാസം:കെൽട്രോൺ നോളജ് സെന്റ്റർ, രാം നില, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

ജോലി ഒഴിവ്

കൊച്ചി: ജില്ലയിലെ ഒരു അർദ്ധ സർക്കാർ സ്ഥാപനത്തിൽ മാനേജർ (ഫിനാൻസ്) തസ്തികയിൽ ഒരു സ്ഥിരം ഒഴിവ് (ശമ്പളം 42,500–87,000) നിലവിലു്. ഒരു അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ബിരുദം, സിഎ/ ഐസിഡബ്ലിയുഎ യും സർക്കാർ/ അർദ്ധ സർക്കാർ/ സ്വകാര്യ സ്ഥാപനത്തിൽ ഫിനാൻസ്, അക്കൗ മേഖലയിൽ 3 വർഷത്തിൽ കുറയാത്ത തൊഴിൽ പരിചയം എന്നീ യോഗ്യതകളും നിശ്ചിത യോഗ്യതയായുള്ള 1845 പ്രായപരിധിയിലുള്ള (ഇളവുകൾ അനുവദനീയം) തല്പരരായ ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഗസറ്റ് 26നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊിരിക്കുന്നവർ ബന്ധപ്പെട്ട നിയമാനാധികാരിയിൽ നിന്നുമുള്ള എൻ ഒ സി ഹാജരാക്കണം.

വാക് ഇൻ ഇന്റർവ്യൂ

കൊച്ചി: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റലൂം ടെക്നോളജികണ്ണൂരിന് കീഴിലുള്ള കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിങ്ങ് കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ (ഗസ്റ്റ്) മലയാളം തസ്തികയിൽ നിയമനം നടത്തുന്നതിനായി ഓഗസ്റ്റ് 25ന് രാവിലെ 10.30 ന് തോട്ടടയിലെ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിൽ വാക്ഇൻഇന്റർവ്യൂ നടത്തുന്നു. മലയാളത്തിൽ ബിരുദാനന്തര ബിരുദവും, യൂജിസി നെറ്റ്, അധ്യാപന പരിചയവും ഉള്ള ഉദ്യോഗാർത്ഥികൾ യോഗ്യതയും, പ്രവർത്തി പരിചയവും തെളിയിക്കുന്ന എല്ലാ അസൽ സർട്ടിഫിക്കറ്റുകളും, കോപ്പിയും, ബയോഡാറ്റയും സഹിതം 25 രാവിലെ 10.30 ന് തോട്ടടയിലുള്ള ഐ.ഐ.എച്ച്.ടി യിൽ നടക്കുന്ന വാക്ക്ഇൻഇന്റർവ്യൂവിൽ പങ്കെടുക്കണം. ഫോൺ 0497 2835390.

സൗജന്യ മത്സരപരീക്ഷ പരിശീലനം

കൊച്ചി: കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പ്രവർത്തിക്കുന്ന നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പിന്റെ ഭാഗമായ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ പി.എസ്.സി മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി 30 ദിവസത്തെ സൗജന്യ മത്സര പരീക്ഷ പരിശീലനം. സെപ്റ്റംബർ രാംവാരം ആരംഭിക്കും. ലോൺ: 04842464498.

യുവജന കമ്മീഷൻ : ജാഗ്രതാസഭാരൂപീകരണയോഗം ഇന്ന്

കൊച്ചി: യുവജനങ്ങളുടെ മാനസികാരോഗ്യവും ശാരീരിക ക്ഷമതയും ഉറപ്പാക്കുന്ന നടപടിക്രമങ്ങൾ ആവിഷ്കരിക്കുക, ലഹരിയിൽ നിന്നും യുവതയെ സംരക്ഷിക്കുക, യുവജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾക്കെതിരായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ നിർത്തി കേരള സംസ്ഥാന യുവജന കമ്മീഷൻ കേരളത്തിലെ വിദ്യാർത്ഥി യുവജന സംഘടനാ പ്രതിനിധികൾ, സർവ്വകലാശാല,കോളേജ് യൂണിയൻ ഭാരവാഹികൾ, നാഷണൽ സർവീസ് സ്കീം, എൻ.സി.സി എന്നിവരുടെ പങ്കാളിത്തത്തോടെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ജാഗ്രതാസഭ രൂപീകരിക്കുന്നു. പ്രഥമ ജില്ലാതല യോഗം യുവജന കമ്മീഷൻ ചെയർമാൻ എം.ഷാജറിന്റെ അധ്യക്ഷതയിൽ ചൊവാഴ്ച്ച (2023 ഓഗസ്റ്റ് 22) ഉച്ചകഴിഞ്ഞ് 3 മുതൽ എറണാകുളം ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിക്കും.

കളമശ്ശേരിയിൽ ശ്രദ്ധേയമായി നാട്ടു ചന്ത

കൊച്ചി: കൃഷിക്കൊപ്പം കളമശ്ശേരി കാർഷികോത്സവം രണ്ടാം ദിനത്തിലേക്ക് കടക്കുമ്പോൾ ജൈവ ഉത്പന്നങ്ങളുമായി സജീവമായിരിക്കുകയാണ് മേളയിലെ വിപണന സ്റ്റാളുകൾ. കളമശ്ശേരിയുടെ മണ്ണിൽ വിളഞ്ഞ ഗുണമേന്മയുള്ള പച്ചക്കറികളും നാട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത വസ്തുക്കളും വാങ്ങുന്നതിനും നിരവധി ആളുകളാണ് കാർഷികോത്സവത്തിന്റെ വിപണന സ്റ്റാളുകളിലേക്ക് എത്തുന്നത്.60 സ്റ്റാളുകളാണ് കാർഷികോത്സവ വേദിയിൽ ഒരുക്കിയിരിക്കുന്നത്.കളമശ്ശേരി മണ്ഡലത്തിലെ കൃഷിയിടങ്ങളിൽ ഉത്പാദിപ്പിച്ച വിഭവങ്ങൾ വിൽപനക്കെത്തിക്കാൻ വഴിയൊരുക്കി വേദിയിൽ ആദ്യം തന്നെ സജ്ജീകരിച്ചിരിക്കുന്ന നാട്ടുചന്തയാണ് കാർഷികോത്സവത്തിന്റെ പ്രധാന ആകർഷണം. മണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലെയും രണ്ടു നഗരസഭകളിലെയും സഹകരണ സംഘങ്ങൾ വഴി കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി ഒരുക്കിയിരിക്കുകയാണ് ഇവിടെ.

കായ, ചേന, മത്തങ്ങ, ക്യാരറ്റ്, ക്യാബേജ്, വഴുതനങ്ങ, കുമ്പളങ്ങ, പീച്ചിങ്ങ,പടവലങ്ങ തുടങ്ങിയ എല്ലാം വിധ പച്ചക്കറികളും ഇവിടെയുണ്ട്. കരുമാലൂർ, ഈസ്റ്റ് കടുങ്ങല്ലൂർ, പടിഞ്ഞാറെ കടുങ്ങല്ലൂർ, മുപ്പത്തടം, വെളിയത്തുനാട്, മാഞ്ഞാലി, കുന്നുകര, നീറിക്കോട്, ആലങ്ങാട്, കൊങ്ങോർപ്പള്ളി, കളമശ്ശേരി, ഏലൂർ, ഏലൂക്കര, ഇടപ്പള്ളി വടക്കുംഭാഗം, തൃക്കാക്കര, ചെറു കടപ്പുറം തുടങ്ങിയ സഹകരണ ബാങ്കുകളുടെ കീഴിലുള്ള സഹകരണ സംഘങ്ങളിലെ കർഷകർ ഉത്പാദിപ്പിച്ച പച്ചക്കറികളാണ് വിപണിയിൽ ഉള്ളത്.മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സ്വയം സഹായ സംഘങ്ങളുടെ 17 സ്റ്റാളുകൾ മേളയിലുണ്ട്. വിവിധ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത വസ്തുക്കൾക്കും വിപണന സാധ്യത ഒരുക്കുകയാണ് കാർഷികോത്സവം.കടുങ്ങല്ലൂരിന്റെ സ്വന്തം കുത്തരിയും, മാഞ്ഞാലി സഹകരണ ബാങ്കിന്റെ കൂവ കൊണ്ടുള്ള വിവിധ ഉത്പന്നങ്ങളും വെളിയത്തുനാട് സഹകരണ ബാങ്കിന്റെ ചക്ക , കൂൺ എന്നിവ കൊണ്ടുള്ള ഉത്പന്നങ്ങളും, കുന്നുകര സർവീസ് സഹകരണ ബാങ്കിന്റെ കായ, കപ്പ എന്നിവ കൊണ്ടുള്ള മൂല്യ വർദ്ധിത വസ്തുക്കളും വിപണന സ്റ്റാളുകളിലുണ്ട്. കൊങ്ങോർപ്പള്ളി സർവീസ് സഹകരണ ബാങ്കിന്റെ അഗ്രി എംപോറിയവും ഇടപ്പള്ളി വടക്കുംഭാഗം സഹകരണ ബാങ്കിന്റെ മാലിന്യങ്ങളിൽ നിന്ന് ജൈവവള ഉൽപാദനത്തെ കുറിച്ചുള്ള പ്രദർശന സ്റ്റാളും കാർഷികോത്സവത്തിനുണ്ട്.

മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ കൂടാതെ സംസ്ഥാനത്ത് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെച്ച പള്ളിയാക്കൽ, ഒക്കൽ, ഭരണിക്കാവ്, വാരപ്പെട്ടി, പള്ളിപ്പുറം തുടങ്ങിയ സഹകരണ ബാങ്കുകളുടെയും സ്റ്റാളുകളും കാർഷികോത്സവത്തിനുണ്ട് . സഹകരണ സംഘങ്ങളുടെ കൂടാതെ കൈത്തറി, ഗാന്ധി വ്യവസായ ബോർഡ്, കയർ ബോർഡ്, വ്യവസായ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ സ്റ്റാളുകളും, സ്വകാര്യ സ്ഥാപനങ്ങളുടെ വിപണികളും സജ്ജീകരിച്ചിട്ടുണ്ട്.സമീകൃതാഹാരം, ചക്ക, കിഴങ്ങ്, അരി ഗോതമ്പ്, മില്ലറ്റ്, ആദിവാസി തനത് വിഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേള മറ്റൊരാകർഷണമാണ്. കേരളത്തിന്റെ തനത് രുചകളെ പരിചയപ്പെടുത്തുന്ന ഭക്ഷണ വിഭവങ്ങളോട് കൂടിയുള്ള ഭക്ഷ്യ മേള വരും ദിവസങ്ങളിൽ കാർഷികോത്സവത്തിന്റെ മാറ്റുകൂട്ടും.

അത്തച്ചമയ ദിനം: ജൈവമാലിന്യങ്ങൾ പൂർണ്ണമായും വളമാക്കി മാറ്റും

കൊച്ചി: അത്തച്ചമയത്തിന്റെ ഭാഗമായി ഉണ്ടായ ജൈവമാലിന്യങ്ങൾ പൂർണമായും തുമ്പൂർമുഴിയിൽ നിക്ഷേപിച്ചുകൊണ്ട് വളമാക്കി മാറ്റുന്നു. അത്തച്ചമയ ഘോഷയിൽ പങ്കെടുക്കുന്നവർക്കായി ആറ് ഭക്ഷണശാല കേന്ദ്രങ്ങളിലായി പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും ഒരുക്കിയിരുന്നു. ഭക്ഷണം നൽകുന്നതിനായി ഇലയും പേപ്പറും പൂർണമായും ഒഴിവാക്കിക്കൊണ്ട് സ്റ്റീൽ പാത്രത്തിലുമാണ് ഭക്ഷണം വിതരണം ചെയ്തത്. ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ, ശാസ്താ ഓഡിറ്റോറിയം സീതാറാം ഓഡിറ്റോറിയം, ആയുർവേദ കോളേജ് പുതിയകാവ് തുടങ്ങിയ സ്ഥലങ്ങളിൽ നാലായിരം പേർക്കാണ് ഭക്ഷണം ഒരുക്കിയിട്ടുണ്ടായിരുന്നത്. ഭക്ഷണശാലകളിൽ ഏകദേശം ഒന്നര ടൺ ജൈവമാലിന്യങ്ങൾ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ തുമ്പൂർമുഴിയിൽ നിക്ഷേപിച്ചുകൊണ്ട് ജൈവവളം ആക്കി മാറ്റുകയാണ് ചെയ്യുന്നത്. ഹരിത കേരളം മിഷൻ ശുചിത്വമിഷൻ തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി എന്നിവരുടെ നേതൃത്വ ത്തിലാണ് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മുൻസിപ്പാലിറ്റി ചെയർപേഴ്സൺ രമ സന്തോഷ്, നവകേരളം കർമ്മപദ്ധതി ജില്ലാ കോർഡിനേറ്റർ എസ് രഞ്ജിനി, നഗരസഭാ സെക്രട്ടറി പി കെ സുഭാഷ്, കൗൺസിലർ അഖിൽ ദാസ്, ഹെൽത്ത് ഇൻസ്പെക്ടർ ഇന്ദു പി നായർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രമേശ് ബാലൻ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ എ എ സുരേഷ് , പാർവതി എസ് കുറുപ്പ്, ജെഫിൻ ജോയ് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

സർക്കാർ ജീവനക്കാർ സേവന മികവ് പുലർത്തണം

കൊച്ചി: സർക്കാർ ജീവനക്കാർ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് പറഞ്ഞു. മൂവാറ്റുപുഴയിൽ റവന്യൂ ജീവനക്കാരുടെ ഓണാഘോഷം 'ഓണനിറവ് 2023' ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഓഫീസിൽ എത്തുന്ന പൊതുജനങ്ങളോട് കൂടുതൽ ആദരവോടെ പെരുമാറണമെന്നും സേവനങ്ങൾ സമയബന്ധിതമായി ചെയ്തു കൊടുക്കുവാനും ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ എസ്.എസ്.എൽ.സി പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച ജീവനക്കാരുടെ മക്കൾക്ക് ജില്ലാ കളക്ടർ അവാർഡ് വിതരണം ചെയ്തു.തഹസിൽദാർ രഞ്ജിത്ത് ജോർജ് പരിപാടിയിൽ അധ്യക്ഷത വഹിച്ചു. റവന്യൂ ഡിവിഷണൽ ഓഫീസർ പി.എൻ.അനി മുഖ്യപ്രഭാഷണം നടത്തി. എൽ ആർ തഹസിൽദാർ അസ്മാബീവി, എൽ എ തഹസിൽദാർ ബോബി റോസ് നിർമ്മല കോളേജ് പ്രിൻസിപ്പൽ കെ.വി. തോമസ്, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ബേസിൽ പി. വർഗ്ഗീസ്, എന്നിവർ ഓണ സന്ദേശം നൽകി.

വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 202324 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പാസായതിന് ശേഷം കേരള സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ റഗുലർ കോഴ്സിന് ഉപരിപഠനം നടത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾ, നിർദിഷ്ട അപേക്ഷാ ഫാറത്തിൽ ഒക്ടോബർ 31 ന് മുമ്പായോ അല്ലെങ്കിൽ പുതിയ കോഴ്സിൽ ചേർന്ന് 45 ദിവസത്തിനകമോ പദ്ധതിയുടെ ബന്ധപ്പെട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കണം. അപേക്ഷ, വിദ്യാർത്ഥികൾ ഇപ്പോൾ പഠിച്ചു കൊിരിക്കുന്ന സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷയോടൊപ്പം അംഗത്തിന്റെ അംഗത്വ കാർഡിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (ഐ എഫ് എസ് സി സഹിതം), വിദ്യാഭ്യാസ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം. അംഗങ്ങളുടെ നിലവിലുള്ള ഫോൺ നമ്പറും, ബാങ്ക് അക്കൗുമാണ് നൽകേത്. അല്ലാത്ത പക്ഷം ആനുകൂല്യം നിഷേധിക്കും. സംശയങ്ങൾക്ക് 9947406826 നമ്പറിൽ ബന്ധപ്പെടുക.

സ്പോട്ട് അഡ്മിഷൻ

കൊച്ചി: അസാപ് കേരള സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, കോഴ്സലേക്ക് സ്പോട്ട് അഡ്മിഷൻ നടക്കുന്നു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിർ 400 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ആണ്. ഇതു പൂർത്തിയാകുന്നവർ വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയ്നറായി ജോലി ചെയ്യുവാൻ സാധിക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകൃത എൻഎസ്ഡിസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. 18 വയസ് തി കഞ്ഞ ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ 9778598336 , 9995618202 നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം.

ഓണവിളക്ക് തെളിഞ്ഞു; തൃക്കാക്കരയിലെ ഓണാഘോഷങ്ങൾ തുടങ്ങി

കൊച്ചി: ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും തൃക്കാക്കര നഗരസഭയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ആകാശവാണിയും ലളിതകലാ അക്കാദമിയും സംയുക്തമായി നടത്തുന്ന തൃക്കാക്കരയിലെ ഓണാഘോഷങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് ജില്ലാ പഞ്ചായത്തിൽ നിന്ന് ഓണം വിളംബര ജാഥ സംഘടിപ്പിച്ചു. ജാഥയ്ക്ക് മുന്നോടിയായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പ്രതീകാത്മകമായി മഹാബലി വേഷധാരിക്ക് കിരീടം കൈമാറി. തുടർന്ന് വാദ്യഘോഷങ്ങളുടെയും പുലികളിയുടെയും അകമ്പടിയോടെ ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ നിന്നാരംഭിച്ച ജാഥ തൃക്കാക്കര നഗരസഭയിലെത്തി സ്വീകരണം ഏറ്റുവാങ്ങിയ ശേഷം കളക്ടറേറ്റിൽ പ്രവേശിച്ചു. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷും അൻവർ സാദത്ത് എം.എൽ.എയും ചേർന്ന് വിളംബര ജാഥയെ സ്വീകരിച്ചു. ശേഷം ഓണവിളക്ക് തെളിയിച്ചു. ഏറെ സന്തോഷമുള്ള അവസരമാണിതെന്നും മഹാബലിയുടെ കാലത്തെപ്പോലെ സമത്വത്തോടെയും സാഹോദര്യത്തോടെയും ജീവിക്കാൻ കഴിയട്ടെയെയുന്നും എല്ലാവർക്കും നന്മകൾ ആശംസിക്കുന്നതായും അൻവർ സാദത്ത് എം.എൽ.എ പറഞ്ഞു. ഓണത്തിന്റെ പെരുമ പേറുന്ന നാടാണ് തൃക്കാക്കരയെന്നും ഓണത്തിന്റെ ഐതിഹ്യവും പാരമ്പര്യവും വിളിച്ചോതുന്ന പരിപാടികളാണ് ഓണാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്നതെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. കൂടിച്ചേരലിന്റെ കൂടി ആഘോഷമാണ് ഓണമെന്നും വരും വർഷങ്ങളിൽ ഇതേ പ്രൗഢിയോടെ തന്നെ പരിപാടികൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഓണം ഒരുമയുടെ ആഘോഷമാണെന്നും തമിഴ്നാട് സ്വദേശിയായ തനിക്ക് വേറിട്ടൊരനുഭവമാണ് ഈ ആഘോഷം സമ്മാനിക്കുന്നതെന്നും താനും മലയാളിയായി മാറുകയാണെന്നും ജില്ലാ കളക്ടർ പറഞ്ഞു. പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ ഓഫീസ് ജീവനക്കാരുടെ നേതൃത്വത്തിൽ കളക്ടറേറ്റിൽ പ്രത്യേകം പൂക്കളവുമൊരുക്കിയിരുന്നു.ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം, തൃക്കാക്കര നഗരസഭ അധ്യക്ഷ രാധാമണി പിള്ള, അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാൻ, തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം ഷഫീഖ്, ജില്ലാ പഞ്ചാത്ത് അംഗങ്ങൾ, തൃക്കാക്കര നഗരസഭാ കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു

പ്രചോദനമായി സഹോദരിമാരുടെ സംരംഭം

കൊച്ചി: വീടിനോട് ചേർന്ന മുറിയിൽ നിന്നും ആരംഭിച്ച ചെറിയ സംരംഭക യൂണിറ്റിൽ നിന്നും ത്രീവീസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന വലിയ ബ്രാന്റായി വളർന്ന കഥയാണ് കളമശ്ശേരി സ്വദേശികളായ വർഷ പി. ബോസിനും സഹോദരിമാർക്കും പറയാനുള്ളത്. കൃഷിക്കൊപ്പം കളമശ്ശേരി കാർഷികോത്സവത്തിന്റെ ഭാഗമായുള്ള വിപണന മേളയിൽ ബ്രാന്റിന്റെ ഉത്പന്നങ്ങളുമായി എത്തി യുവ സംരംഭകർക്ക് പ്രചോദനമാവുകയാണ് വർഷയും, സഹോദരിമാരായ വിസ്മയയും, വൃന്ദയും.കറികളിൽ ഉപയോഗിക്കുന്ന കായം അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇത് എന്തുകൊണ്ട് നമ്മുടെ നാട്ടിൽ ഉത്പാദിപ്പിച്ചു കൂടാ എന്ന വർഷയുടെ ചിന്തയിൽ നിന്നാണ് ത്രീവീസ് എന്ന ബ്രാന്റിന്റെ ജനനം. എം.ബി.എ പഠനത്തിനു ശേഷമാണ് സ്വന്തമായി ഒരു സംരംഭം എന്ന ആശയത്തിലേക്ക് വർഷ എത്തുന്നത്.2019 ൽ വീട്ടിൽ തന്നെ ഉല്പാദനം തുടങ്ങിയ സംരംഭം നാലു വർഷങ്ങൾ പിന്നിടുമ്പോൾ പതിനഞ്ചോളം

പേർക്ക് തൊഴിൽ നൽകുന്ന ദിനംപ്രതി ഒരു ടണ്ണോളം ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന വലിയ സംരംഭമായി കഴിഞ്ഞു. കളമശ്ശേരി റോക്ക് വെൽ റോഡിലാണ് യൂണിറ്റിന്റെ പ്രവർത്തനം. കമ്പനിയുടെ നിർമ്മാണ യൂണിറ്റിൽ 10 പേരും വിതരണവുമായി ബന്ധപ്പെട്ട് അഞ്ചുപേരും പ്രവർത്തിക്കുന്നുണ്ട്.കായത്തിൽ നിന്ന് തുടങ്ങി കറി പൗഡറുകൾ, പുട്ടുപൊടി തുടങ്ങിയ പ്രഭാത ഭക്ഷണത്തിന് ആവശ്യമായ പൊടികളും ത്രീവീസ് ഉല്പാദിപ്പിച്ച് വരുന്നുണ്ട്. എറണാകുളം മുതൽ തിരുവനന്തപുരം വരെ ഇവരുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നുണ്ട്. അച്ഛൻ പ്രശാന്ത് ബോസും, അമ്മ സരള പ്രശാന്തും ഇവർക്ക് പിന്തുണയുമായി കമ്പനിയോടൊപ്പം പ്രവർത്തിച്ചു വരുന്നു.

’അസ്ത്രാ’സെപ്റ്റംബർ 29ന് എത്തും


PORUS CINEMAS
PREM KALLAT
അസ്ത്രാ
IN CINEMAS FROM
SEP 29
DIRECTED BY AZAAD ALAVIL PRODUCED BY PREM KALLAT - PRENAND KALLAT
PORUS CINEMAS

കൊച്ചി: അമിത് ചക്കാലക്കൽ, പുതുമുഖ താരം സുഹാസിനി കുമരൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ആസാദ് അലവിൽ സംവിധാനം ചെയ്യുന്ന ’അസ്ത്രാ ’സെപ്റ്റംബർ ഇരുപത്തിയൊമ്പതിന് പ്രദർശനത്തിനെത്തുന്നു. ഗുരുവായൂർ പങ്കജ് റെസിഡൻസി ഹോട്ട് കിച്ചൻ ഹോട്ടലിൽ വെച്ചു നടന്ന ലിറിക്കൽ വീഡിയോ ഗാന പ്രകാശന ചടങ്ങിലാണ് റിലീസ് തീയതി വെളിപ്പെടുത്തിയത്.കലാഭവൻ ഷാജോൺ, സന്തോഷ് കീഴാറ്റൂർ, സെന്തിൽ കൃഷ്ണ,ശ്രീകാന്ത് മുരളി,സുധീർ കരമന,അബുസലിം, ജയകൃഷ്ണൻ, രേണു സൗന്ദർ,മേഘനാഥൻ, ചെമ്പിൽ അശോകൻ,പുതുമുഖ താരം ജിജു രാജ്, നീനാക്കുറുപ്പ്,സന്ധ്യാ മനോജ്, പരസ്പരം പ്രദീപ്, സനൽ കല്ലാട്ട് തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.പോറസ് സിനിമാസിന്റെ ബാനറിൽപ്രേംകുമാർ കല്ലാട്ട്, പ്രീനന്ദ് കല്ലാട്ട് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം മണി പെരുമാൾ നിർവഹിക്കുന്നു.ബികെ ഹരിനാരായണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവരുടെ വരികൾക്ക് മോഹൻ സിത്താര ഈണം പകരുന്നു. പശ്ചാത്തലസംഗീതം റോണി റാഫേൽ. വയനാടിന്റെ പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ ദൃശ്യവൽക്കരിക്കുന്ന ഈ ക്രൈം ത്രില്ലർ ചിത്രത്തിന്റെ രചന നവാഗതരായ വിനു.കെ.മോഹൻ, ജിജുരാജ് എന്നിവർ നിർവ്വഹിക്കുന്നു. എഡിറ്റിംഗ്അഖിലേഷ് മോഹൻ,ചമയം രഞ്ജിത്ത് അമ്പാടി. വസ്ത്രലങ്കാരം അരുൺ മനോഹർ. പ്രൊഡക്ഷൻ കൺട്രോളർ രാജൻ ഫിലിപ്പ്, കലാസംവിധാനം ശ്യാംജിത്ത് രവി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്റാം,
പി ആർ ഒഎ എസ് ദിനേശ്.

‘ഡാൻസ് പാർട്ടി‘ സെക്കന്റ് ലുക്ക് പോസ്റ്റർ



കൊച്ചി: വിഷ്ണു ഉണ്ണികൃഷ്ണൻ, ശ്രീനാഥ് ഭാസി, ഷൈൻ ടോം ചാക്കോ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി, ’ഭാരത സർക്കസ്’എന്ന ചിത്രത്തിനു ശേഷംസോഹൻ സീനുലാൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന’ഡാൻസ് പാർട്ടി ’എന്ന് ചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസായി.ഫുക്രു, ജൂഡ് ആന്റണി ജോസഫ്, സാജു നവോദയ, ലെന, പ്രയാഗ മാർട്ടിൻ, ശ്രദ്ധ ഗോകുൽ, ജോളി ചിറയത്ത്, പ്രീതി രാജേന്ദ്രൻ , മെക്കാർട്ടിൻ, അഭിലാഷ് പട്ടാളം, നാരായണൻകുട്ടി, സംജാദ് ബ്രൈറ്റ്, ബിനു തൃക്കാക്കര, ഫൈസൽ, ഷിനിൽ, ഗോപാൽജി, ജാനകി ദേവി, അമാര, ജിനി, സുശീൽ, ബിന്ദു, ഫ്രെഡിഎന്നിവരാണ് മറ്റു പ്രമുഖ താരങ്ങൾ. ഓൾഗ പ്രൊഡക്ഷൻസിന്റെ ബാനറിൽ റെജി പ്രോത്താസിസ്, നൈസി റെജി നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബിനു കുര്യൻ നിർവ്വഹിക്കുന്നു.സംഗീതംരാഹുൽ രാജ്,ബിജി ബാൽ,വിത്രീകെ, ഗാനരചനസന്തോഷ് വർമ്മ,ബിജിഎംരാഹുൽ രാജ്,എഡിറ്റിംഗ്വി. സാജൻ,പ്രൊഡക്ഷൻ കൺട്രോളർസുനിൽ ജോസ്,പ്രൊഡക്ഷൻ ഡിസൈനർ മധു തമ്മനം,കലാസംവിധാനംസതീഷ് കൊല്ലം , മേക്കപ്പ്റോണക്സ് സേവ്യർ, കോസ്റ്റ്യൂംസ് അരുൺ മനോഹർ, ശബ്ദലേഖനംഡാൻ, ഫിനാൻസ് കൺട്രോളർ സുനിൽ പി.എസ്,കോ ഡയറക്ടർ പ്രകാശ്.കെ. മധു,സ്റ്റിൽസ്നിദാദ് കെ.എൻ,ഡിസൈൻ കോളിൻസ് ലിയോഫിൽ,ഡിജിറ്റൽ മാർക്കറ്റിംഗ്വൈശാഖ് വി വടക്കേവീട്.കൊച്ചി നാഗരാതിർത്തിയിൽ ഡാൻസും പാർട്ടിയുംതമാശകളുമൊക്കെയായി ജീവിക്കുന്ന ഒരു സംഘം ചെറുപ്പക്കാർക്കിടയിൽ കടന്നുവരുന്ന ഒരു ആകസ്മിക സംഭവവും, അതിനെ വളരെ രസകരമായി തരണം ചെയ്യുവാനുള്ള ഇവരുടെ ശ്രമങ്ങളുമാണ് ’ഡാൻസ് പാർട്ടി’യിൽ ദൃശ്യവൽക്കരിക്കുന്നത്.പി ആർ ഒഎ എസ് ദിനേശ്.

’പരാക്രമം ’തൃശൂരിൽ തുടങ്ങി

കൊച്ചി: സൂഫിയും സുജാതയും ഫെയിം ദേവ് മോഹൻ,സിജു സണ്ണി,രഞ്ജി പണിക്കർ, സംഗീത,സോണ ഓലിക്കൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അർജ്ജുൻ രമേശ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് ’പരാക്രമം ’എന്ന ചിത്രത്തിന്റെ ചിത്രീകരണം തൃശ്ശൂർ ചേതന സ്റ്റുഡിയോയിൽ തുടങ്ങി.ജിയോ ബേബി,സച്ചിൻ ലാൽ ഡി,ജോമോൻ ജ്യോതിർ,കിരൺ പ്രഭാകരൻ, തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.മില്ലേന്നിയൽ ഫിലിംസിന്റെ ബാനറിൽ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സാലു കെ തോമസ്സ് നിർവഹിക്കുന്നു.സുഹൈൽ എം കോയ എഴുതിയ വരികൾക്ക് അനൂപ് നിരിച്ചൻ സംഗീതം പകർന്നു.എഡിറ്റർകിരൺ ദാസ്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഹാരിസ് ദേശം,പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ, പ്രൊഡക്ഷൻ ഡിസൈനർദിലീപ് നാഥ്,മേക്കപ്പ്മുഹമ്മദ് അനീസ്,കോസ്റ്റ്യൂസ്ഇർഷാദ് ചെറുകുന്ന്,സ്റ്റിൽസ്സിനറ്റ് സേവ്യർ,ഡിസൈൻയെല്ലോ ടൂത്ത്സ്, ചീഫ് അസോസിയേറ്റ് ഡയറക്ടർഷെല്ലി ശ്രീസ്,അസോസിയേറ്റ് ഡയറക്ടർഷിജന്ത്, അസിസ്റ്റന്റ് ഡയറക്ടർശ്രീജിത്ത്,വിമൽ കെ കൃഷ്ണൻകുട്ടി,ഡേവിസ് ബാബു,അമിതാബ് പണിക്കർ, പ്രൊമോഷൻ സ്റ്റിൽസ്ഷഹീൻ ഷാ,കൊറിയോഗ്രാഫിശ്രീജിത്ത്, പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്അനീഷ് നന്തിപുലം, പ്രൊഡക്ഷൻ മാനേജർ ,നികേഷ് നാരായൺ, ഇന്ദ്രജിത്ത് ബാബു,സൗണ്ട് ഡിസൈൻസിങ്ക് സിനിമ, ആക്ഷൻഫീനിക്സ് പ്രഭു, ഓഡിയോഗ്രാഫിരാജകൃഷ്ണൻ എം ആർ,പ്രൊമോഷൻ കൺസൽട്ടന്റ്വിപിൻ കുമാർ,ലോക്കേഷൻ മാനേജർജോയി പൂതേരി.പി ആർ ഒഎ എസ് ദിനേശ്.

ടൈം സ്ക്വയറിൽ ’കിംഗ് ഓഫ് കൊത്ത’

1810.008
WORLDWIDE IN THEATRES AUGUST 24
KING OF KOTHA
GO TO TSX.LIVE

കൊച്ചി: ഓണത്തിന് പ്രേക്ഷകരിലേക്കെത്തുന്ന ദുൽഖർ സൽമാന്റെ പാൻ ഇന്ത്യൻ ചിത്രം കിംഗ് ഓഫ് കൊത്തയുടെ പ്രൊമോഷൻ ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിലും എത്തി. മലയാള സിനിമാ ചരിത്രത്തിലാദ്യമായാണ് ടൈംസ് സ്ക്വയറിൽ ഒരു ചിത്രത്തിന്റെ പ്രൊമോഷൻ നടക്കുന്നത്. അഭിലാഷ് ജോഷി സംവിധാനം നിർവഹിച്ച കൾട്ട് ക്ളാസ്സിക് ചിത്രത്തിന്റെ ഗംഭീര പ്രൊമോഷൻ പരിപാടികൾ ലോകവ്യാപകമായി നടക്കുമ്പോൾ ഗംഭീര പ്രീ ബുക്കിങ് ആണ് ചിത്രത്തിന് ലഭിക്കുന്നത്. മലയാള സിനിമയിൽ ഇതുവരെ കണ്ടിട്ടില്ലാത്ത വേറിട്ട പ്രൊമോഷൻ പരിപാടികൾ ആണ് കിംഗ് ഓഫ് കൊത്തയുടെ ഭാഗമായി നടക്കുന്നത്. ഇന്ത്യയിലെ വ്യത്യസ്ത ഭാഷകളിൽ മികച്ച സിനിമകൾ നിർമ്മിച്ച സീ സ്റ്റുഡിയോസും ദുൽഖറിന്റെ വേഫേറെർ ഫിലിംസും നിർമ്മിച്ച ചിത്രം ലോകവ്യാപകമായി ആഗസ്റ്റ് 24 നു തിയേറ്ററുകളിലേക്കെത്തും.മലയാള സിനിമയുടെ ചരിത്രത്തിലാദ്യമായി റിലീസിന് അഞ്ച് ദിവസം ബാക്കി നിൽക്കെ പ്രി ബുക്കിങ്ങിൽ ഒരു കോടിയിൽ പരം നേടിയ ചിത്രത്തിന് ബുക്ക് മൈ ഷോയിൽ ട്രെൻഡിങ് ലിസ്റ്റിലാണ്. ദുൽഖറിനോടൊപ്പം ഐശ്വര്യാലക്ഷ്മി, ഷബീർ കല്ലറക്കൽ, പ്രസന്ന, ഗോകുൽ സുരേഷ് , ഷമ്മി തിലകൻ, ശാന്തി കൃഷ്ണ, അനിഖാ സുരേന്ദ്രൻ തുടങ്ങി വമ്പൻ താര നിരയാണ് ചിത്രത്തിലുള്ളത്. കിംഗ് ഓഫ് കൊത്തയുടെ ഛായാഗ്രഹണം നിമീഷ് രവിയാണ്. ജേക്സ് ബിജോയ്, ഷാൻ റഹ്മാൻ എന്നിവർ ചിത്രത്തിന് സംഗീതമൊരുക്കുന്നു, സംഘട്ടനം : രാജശേഖർ, സ്ക്രിപ്റ്റ് : അഭിലാഷ് എൻ ചന്ദ്രൻ, പ്രൊഡക്ഷൻ ഡിസൈനർ : നിമേഷ് താനൂർ, എഡിറ്റർ: ശ്യാം ശശിധരൻ, കൊറിയോഗ്രാഫി: ഷെറീഫ് ,വി എഫ് എക്സ് : എഗ്ഗ് വൈറ്റ്, മേക്കപ്പ് :റോണെക്സ് സേവിയർ, വസ്ത്രാലങ്കാരം :പ്രവീൺ വർമ്മ,സ്റ്റിൽ :ഷുഹൈബ് എസ് ബി കെ, പ്രൊഡക്ഷൻകൺട്രോളർ :ദീപക് പരമേശ്വരൻ, മ്യൂസിക് : സോണി മ്യൂസിക്, പി ആർ ഓ: പ്രതീഷ് ശേഖർ.

കൈതകം പ്രീമിയം ബ്രാൻഡ് പൊക്കാളി ഉൽപ്പന്നങ്ങൾ വിപണിയിൽ

കൊച്ചി: പള്ളിയാക്കൽ ബാങ്കിന്റെ കൈതകം പ്രീമിയം ബ്രാൻഡ് ഉത്പന്നങ്ങളുടെ ലോഞ്ചിങ് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.കൺസ്യൂമർ ഫെഡിന്റെ സംസ്ഥാനത്തുടനീളമുള്ള ഔട്ട്ലെറ്റുകളിൽ ഇനി മുതൽ കൈതകം പ്രീമിയം ബ്രാൻഡ് പൊക്കാളി അരി ലഭ്യമാക്കുന്നതിനുള്ള ധാരണ പള്ളിയാക്കൽ ബാങ്കും കൺസ്യൂമർ ഫെഡുമായി യോജിച്ചു ഉറപ്പാക്കി.ബാങ്കിന്റെ കീഴിലുള്ള 500 ഞഠ റൈസ് മിൽ സൈലോ സംഭരണ സംവിധാനം ഉപയോഗപ്പെടുത്തികൊ് കർഷകർക്ക് ഏറ്റവും നല്ല ഉയർന്ന നൽകി, വൈപ്പിൻ, എടവനക്കാട്, ഞാറക്കൽ, വരാപ്പുഴ, കൊട്ടുവള്ളി എന്നീ പടശേഖരങ്ങളിൽ നിന്നും എഴിക്കരയിലെ മുഴുവൻ കർഷകരിൽ നിന്നും നെല്ല് ശേഖരിച്ച് പൊക്കാളി ഉത്പന്നങ്ങളെ 'കൈതകം' എന്ന പ്രീമിയം ബ്രാൻഡിൽ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നതിലൂടെ പൊക്കാളി ഉത്പന്നങ്ങൾക്ക് ജനങ്ങൾക്കിടയിൽ കൂടുതൽ സ്വീകാര്യതയും അതിലൂടെ തദ്ദേശീയ അന്താരാഷ്ട്ര മാർക്കറ്റ് ഉറപ്പാക്കാനും ബാങ്കിന് സാധിക്കുന്നതാണ്. പൂർണമായും ജൈവ ഉത്പന്നമായ പൊക്കാളി അരി നിരവധി ഔഷധ ഗുണങ്ങൾ അടങ്ങിയതതിനാൽ ഗർഭിണികൾക്കും മുതിർന്നവർക്കും ആരോഗ്യസംരക്ഷണത്തിനായി ഉപയോഗപ്രതമായ ഉത്പന്നമാണ്. പൊക്കാളി അരിയിൽ കർബോഹൈഡ്രറ്റ്, കളസ്ട്രോൾ എന്നിവ മറ്റു അരികളെ അപേക്ഷിച്ച് ഏറ്റവും കുറവും, പ്രോടീൻ, ഫൈബർ, ആന്റിഒക്സിഡന്റ് എന്നിവയാൽ സമൃദ്ധവുമാണ്. 3 ജില്ലകളിലായി 34 പഞ്ചായത്തുകളിൽ വ്യാപിച്ചു കിടക്കുന്ന പൊക്കാളി കൃഷി സംരക്ഷണത്തിനുവേ കൈക്കൊള്ളുന്ന വിവിധ ഇടപെടലുകളിൽ ഒന്നായ 2000 ഞഠ പ്രോസസ്സിംഗ് ക്യാപസിറ്റിയും 500 ഞഠ സംഭരണ ശേഷിയും ആധുനിക സാങ്കേതിക മികവോടും കൂടിയുള്ള 6.5 കോടി നിർമ്മാണ ചിലവുള്ള 'പൊക്കാളി റൈസ്മിൽ' നിർമ്മാണം സംസ്ഥാന സഹകരണ വകുപ്പിന്റെയും നബാർഡിന്റെയും സഹായത്തോടെ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ലോകം നേരിടുന്ന കാലാവസ്ഥ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ അതീവ പാരിസ്ഥിതിക പ്രാധാന്യത്തോടെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടുകിടക്കുന്ന, 'ഭൗമസൂചിക' പദവി ലഭിച്ച കാർഷിക പൈതൃകമാണ് പൊക്കാളി. എറണാകുളം ,തൃശ്ശൂർ ,ആലപ്പുഴ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പ്രസ്തുത കാർഷിക മേഖലയുടെ വീടെുപ്പിനും വളർച്ചക്കും വേ പള്ളിയാക്കൽ ബാങ്ക് രു ദശാബ്ദങ്ങളായി പ്രയത്നിച്ചു വരികയാണ്. കൃഷിയിടങ്ങൾ ,മാനവ വിഭവശേഷി, സാങ്കേതിക വിദ്യ ,വിപണി എന്നിവയുടെ കൃത്യമായ വിന്യാസത്തിലൂടെ മാത്രമേ സുസ്ഥിരമായ പൊക്കാളി കൃഷി സാധ്യമാകൂ എന്ന്മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനം, മൂല്യവർദ്ധനം ,വിപണി, അഗ്രോടൂറിസം, അനുബന്ധമേഖലകൾ എന്നിവ ഉൾപ്പെടുത്തിക്കോ്ബാങ്ക് പൊക്കാളി മേഖലയിൽ ഇടപെട്ട്പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ സൂപ്പർ മാർക്കറ്റുകളിൽ കൈതകം പൊക്കാളി ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി പ്രമുഖ അരി ഉത്പാദക വിപണനക്കാരായ കീർത്തി നിർമ്മൽ എം ഡി ജോൺസൺ വർഗീസുമായി പങ്കാളിത്തം ഉറപ്പിച്ചുകഴിഞ്ഞതായും ബാങ്ക് അധികൃതർ വ്യക്തമാക്കി.

വാർഡ് വിസാർഡ് എ ആൻഡ് എസ് പവറുമായി ദീർഘകാല കരാർ ഒപ്പിട്ടു

കൊച്ചി: ജോയ് ഇ-ബൈക്ക് ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് വാഹന നിർമാതാക്കളായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ്, എ ആൻഡ് എസ് പവറുമായി ദീർഘകാല ഒറിജിനൽ എക്യുപ്‌മെന്റ് മാനുഫാക്ചറർ (ഒഇഎം) കരാർ ഒപ്പിട്ടു. അത്യാധുനിക നെക്സ്റ്റ് ജെൻ ലിഥിയം-അയൺ സെൽ സാങ്കേതികവിദ്യയുടെ ഗവേഷണം, നവീകരണം, വികസനം എന്നിവ ലക്ഷ്യമിട്ടാണ് പ്രമുഖ ടെക്നോളജി ദാതാക്കളായ എആൻഡ്എസ് പവറുമായി കരാറൊപ്പിട്ടത്. സിംഗപ്പൂരിലെ വാർഡ്‌വിസാർഡിന്റെ ഗ്ലോബൽ അഡ്വാൻസ്ഡ് ലിഥിയം-അയൺ സെൽ റിസർച്ച് സെന്ററിൽ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണത്തിനും വികസനത്തിനുമൊപ്പം, സംയുക്ത സാങ്കേതിക കണ്ടുപിടിത്തത്തിനും ഈ സഹകരണം കൂടുതൽ വിപുലീകരണം നൽകും. ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതിലും ഉയർന്ന നിലവാരമുള്ള നെക്സ്റ്റ്ജെൻ ലിഥിയം-അയൺ സെല്ലുകളുടെ കാര്യക്ഷമമായ വിതരണം ലളിതമാക്കുന്നതിലും ഈ സഹകരണം ശ്രദ്ധ കേന്ദ്രീകരിക്കും. വാർഡ് വിസാർഡിന് ഇന്ത്യയിൽ ഉൽപ്പാദന ശേഷി വിപുലീകരിക്കാൻ സഹായിക്കുന്ന ഒരു സംയോജിത പ്രൊഡക്ഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായവും എആൻഡ്എസ് പവർ നൽകും.കമ്പനിയുടെ അത്യാധുനിക പ്രൊഡക്ഷൻ ഫാക്ടറിയിൽ നിർമിക്കുന്ന ലിഥിയം-അയൺ സെല്ലുകൾ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിഐഎസ്) സർട്ടിഫിക്കേഷൻ വിജയകരമായി നേടിയിരുന്നു. വാർഡ്‌വിസാർഡ് ലിഥിയം-അയൺ സെല്ലുകളുടെ മികച്ച ഗുണനിലവാരം, വിശ്വാസ്യത, വ്യവസായനേതൃത്വ മാനദണ്ഡങ്ങൾ പാലിക്കൽ എന്നിവയ്ക്കുള്ള അംഗീകാരം കൂടിയാണ് ഈ സർട്ടിഫിക്കേഷൻ. വൈദ്യുത വാഹന വ്യവസായത്തിൽ നവീകരണത്തിനും സാങ്കേതിക മുന്നേറ്റത്തിനുമുള്ള തങ്ങളുടെ ദൗത്യത്തിലെ സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്നതാണ് എആൻഡ്എസ് പവറുമായുള്ള തങ്ങളുടെ സഹകരണമെന്ന് വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.

ഓണത്തിന് ലൂയിസ് ഫിലിപ്പിന്റെ 'ദി ഗ്രേറ്റ് ഇൻഡ്യൻ ടസ്കർ

കൊച്ചി: ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിന്റെ ഇന്ത്യയിലെ മുൻനിര പ്രീമിയം മെൻസ്‌വെയർ ബ്രാൻഡായ ലൂയിസ് ഫിലിപ്പ്, ഓണത്തിന് 'ദി ഗ്രേറ്റ് ഇന്ത്യൻ ടസ്ക്കർ' എന്ന പേരിൽ വസ്ത്രശേഖരം അവതരിപ്പിക്കുന്നു. ഓണാഘോഷങ്ങളുടെ സത്തയെ ഉൾക്കൊ് പരമ്പരാഗത ഘടകങ്ങളും സമകാലിക ഡിസൈനുകളും സംയോജിപ്പിച്ച് പുരുഷന്മാരുടെ വസ്ത്രങ്ങളുടെ അതിമനോഹരമായ ഒരു നിരയാണ് ഇതിലൂടെ വിപണിയിലെത്തിക്കുന്നത്. ഓണത്തിനായി പ്രത്യേകം ക്യൂറേറ്റ് ചെയ്ത ശേഖരമാണ് ലൂയിസ് ഫിലിപ്പ് അവതരിപ്പിക്കുന്നതെന്ന് സിഒഒ: ഫരീദ കാളിയാടൻ പറഞ്ഞു. ഇന്ത്യയുടെ വൈവിധ്യവും സമ്പന്നവുമായ സംസ്കാരത്തിനനുസരിച്ച് ഫാഷൻ സൃഷ്ടിക്കുന്നതിൽ ലൂയിസ് ഫിലിപ്പ് എപ്പോഴും പ്രതിജ്ഞാബദ്ധമാണ്. ആധുനിക ട്രെൻഡുകളുടേയും പഴയ ആചാരങ്ങളുടേയും സംയോജനമാണ് ഓണത്തിനായുള്ള പ്രത്യേക ശേഖരമെന്ന് ഫരീദ കാളിയാടൻ ചൂിക്കാട്ടി. ഗുണമേന്മയിലും പുതുമയിലും പേരുകേട്ട ലൂയിസ് ഫിലിപ്പിന്റെ ഓണം ശേഖരം മികവിനും മികച്ച കരകൗശലത്തിനും ഉള്ള പ്രതിബദ്ധതയുടെ തെളിവാണ്. ഓണവുമായി ബന്ധപ്പെട്ട നിറങ്ങളും സങ്കീർണ്ണമായ പാറ്റേണുകളും സാംസ്കാരിക പ്രാധാന്യവും പ്രതിഫലിപ്പിക്കുംവിധമാണ് രൂപകൽപ്പന. ശക്തിയുടെയും കൃപയുടെയും പ്രതീകമായ ഗജഗാംഭീര്യത്തിനുള്ള ആദരവുകൂടിയാണ് 'ദി ഗ്രേറ്റ് ഇന്ത്യൻ ടസ്ക്കർ'. ആനകളുടെ മഹത്വം പകർത്തുന്ന നാല് അതുല്യമായ പ്രിന്റ് ഡിസൈനുകൾ ശേഖരത്തിൽ ഉൾപ്പെടുത്തിയിട്ടു കേരളത്തിലെ തിരഞ്ഞെടുത്ത എക്സ്ക്ലൂസീവ് ബ്രാൻഡ് സ്റ്റോറുകളിലും ബ്രാൻഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലൂയിസ് ഫിലിപ്പ് ഓണം കളക്ഷൻ ലഭ്യമാണ്.

ഓണം ഓഫറുകളുമായി വോൾട്ടാസ്

കൊച്ചി: കൺസ്യൂമർ ഇലക്ട്രോണിക്സ്, എയർ കീഷനിംഗ് മേഖലയിലെ മുൻനിരക്കാരായ വോൾട്ടാസ്, കേരളത്തിലെ ഉപഭോക്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. ഉപഭോക്താക്കൾക്ക് വാങ്ങൽ പ്രക്രിയ എളുപ്പമാക്കുന്നതിന് ഓണം ഓഫറുകളിൽ ക്യാഷ്ബാക്ക്, വിപുലീകൃത വാറൻ്റി, ഇൻസ്റ്റലേഷൻ പാക്കേജുകൾ എന്നിവ ഉൾപ്പെടുന്നു. തിരഞ്ഞെടുത്ത വോൾട്ടാസ്, വോൾട്ടാസ് ബെക്കോ ഉത്പന്നങ്ങളിൽ 15 ശതമാനം വരെ ക്യാഷ്ബാക്ക് ഓഫർ ലഭിക്കും.വോൾട്ടാസിൻ്റെയും വോൾട്ടാസ് ബെക്കോയുടെയും ഉത്പന്നങ്ങളിലേക്ക് കൂടുതൽ ഉപയോക്താക്കളെ എത്തിക്കുന്നതിനായി ഫിക്സഡ് ഈസി ഇഎംഐ, സീറോ ഡൗൺ പേയ്മെൻ്റ് ഓപ്ഷനുകൾ എന്നിവയുൾപ്പെടെ വിവിധ ഫിനാൻസ് ഓഫറുകൾ കമ്പനി അവതരിപ്പിച്ചിട്ടു്. കൂടാതെ, എക്സ്റ്റൻ്റഡ് വാറൻ്റിയും വാഗ്ദാനം ചെയ്യുന്നു. എസികൾ വാങ്ങുമ്പോൾ സൗജന്യ സ്റ്റാൻഡേർഡ് ഇൻസ്റ്റലേഷൻ ലഭ്യമാകും. 2023 സെപ്റ്റംബർ 30 വരെ വോൾട്ടാസിൻ്റെ എല്ലാ റീട്ടെയിൽ സ്റ്റോറുകളിലും ഓഫറുകൾ ലഭ്യമാണ്.എയർകീഷണറുകൾ മുതൽ റഫ്രിജറേറ്ററുകളും വാഷിംഗ് മെഷീനുകളും വരെ വോൾട്ടാസിന്റെ പ്രത്യേക ഓണം ഓഫറുകൾ വൈവിധ്യമാർന്ന ഉത്പന്നങ്ങളിലാണ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത്. നൂതനമായ ഗൃഹോപകരണങ്ങളുടെ ആവശ്യകതയിൽ കേരളത്തിൽ ഗണ്യമായ കുതിച്ചുചാട്ടമാണ് ഉായിട്ടുള്ളതെന്ന് വോൾട്ടാസ് ലിമിറ്റഡിൻ്റെ എംഡിയും സിഇഒയുമായ പ്രദീപ് ബക്ഷി പറഞ്ഞു. കേരളത്തിൽ നിന്നുള്ള ഹൃദ്യമായ പ്രതികരണം തുടർച്ചയായി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിച്ചുവെന്നും ഈ ഓണക്കാലത്ത് ഉപഭോക്താക്കൾക്ക് അവരുടെ ജീവിതത്തിൽ സന്തോഷം നൽകുന്നതിനാണ് എക്സ്ക്ലൂസീവ് ഓഫറുകൾ നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

’നക്ഷത്രഭാഷ ’ പുസ്തക പ്രകാശനം

കൊച്ചി: ചലച്ചിത്ര നിർമ്മാതാവും ഗാന രചയിതാവുമായ രാജീവ് ഗോവിന്ദൻ എഴുതിയ നാലാമത്തെ കവിതാ സമാഹാരമായ ’നക്ഷത്രഭാഷ’എന്ന പുസ്തകം, തൃശ്ശൂർ എലൈറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ വെച്ച് സംവിധായകൻ സത്യൻ അന്തിക്കാട് പ്രകാശനം ചെയ്തു. റഫീഖ് അഹമ്മദ്,ഷിബു ചക്രവർത്തി, ജയരാജ് വാരിയർ, രഞ്ജിൻ രാജ്, ബി കെ ഹരിനാരായണൻ, ഏങ്ങിയൂർ ചന്ദ്രശേഖരൻ, അഭിലാഷ് പിള്ള,എസ് മഹേഷ് എം എ ഷഹനാസ്, പ്രൊഫസർ വി കെ സുബൈദ, സെബാസ്റ്റ്യൻ,രാജേഷ് നാരായണൻ തുടങ്ങി ഒട്ടനവധി വിശിഷ്ടാതിഥികൾ പ്രകാശന ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

എപീജെ സുരേന്ദ്ര പാർക്ക് ഹോട്ടൽസ് ലിമിറ്റഡ് ഐപിഒയ്ക്ക്

കൊച്ചി: ഇന്ത്യയിലെ എട്ടാമത്തെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖലയായ എപീജെ സുരേന്ദ്ര പാർക്ക് ഹോട്ടൽസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ(ഡിആർഎച്ച്പി) സമർപ്പിച്ചു. ഒരു രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 1050 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.650 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരിയുടമകളുടെ 400 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

’വെയിറ്റിംഗ് ലിസ്റ്റ്’ സംഘ കലാ പ്രദർശനം

കൊച്ചി: കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന നിതിൻ ദാസ് എം.വി, ധന്യ വി.വി, അഭിജിത്ത് ഇ.എ, പി. ജതിൻ ഷാജി എന്നിവരുടെ ’വെയിറ്റിംഗ് ലിസ്റ്റ്’ സംഘ കലാ പ്രദർശനം 2023 ആഗസ്റ്റ് 22ന് അക്കാദമിയുടെ കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു. കേരള ലളിതകലാ അക്കാദമിയുടെ 2022 23ലെ സമകാലിക ഏകാംഗസംഘ പ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് 22ന് വൈകുന്നേരം 4 മണിക്ക് നടക്കും. കലാനിരൂപകനും ചിത്രകാരനുമായ സുധീഷ് കോട്ടേമ്പ്രമാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്. കലയും സമൂഹവും സമ്മിലുള്ള സങ്കീർണമായ ബന്ധത്തെ വിശകലനം ചെയ്യുന്നതാണ് ഈ പ്രദർശനത്തിലെ മിക്ക കലാസൃഷ്ടികളും. വിഭിന്നങ്ങളായ കലാസക്ഷല്പങ്ങൾ പുലർത്തുമ്പോഴും സമൂഹഘടനയോളം മാനുഷികമൂല്യങ്ങളെ കുറിച്ചുള്ള വീക്ഷണങ്ങളിലും വിമർശാത്മകമായ ആശങ്കകൾ പങ്കിടുന്നതാണ് ഈ പ്രദർശനത്തിലെ ഓരോ കലാവസ്തുവും എന്ന് ക്യൂറേറ്റർ അഭിപ്രായപ്പെട്ടു.മനുഷ്യർ ഓരോ കള്ളികൾക്കുള്ളിലായിപ്പോയ രോഗകാലം കഴിഞ്ഞ് പുതിയ സംഘർഷങ്ങളിലേക്ക് നാമെത്തി. അഭിജിത്ത് ഇ.എയുടെ പാൻഡെമിക് എന്ന് പേരിട്ട ശില്പസമാഹാരം അകന്നിരുന്ന കാലത്തെ ഓർമ്മിപ്പിക്കുന്നു. അത്തരമൊരു പാൻഡെമിക് സന്ദർഭത്തിന്റെ ഡോക്യുമെന്റേഷൻ എന്നതിലുപരി അത് മനുഷ്യന്റെ, വൈയക്തികവും സാമൂഹികവുമായ ജീവിതത്തിന്റെ സൂക്ഷ്മഭാവങ്ങളെ ആവിഷ്കരിക്കുന്നു. നോട്ടം എന്നുപേരിട്ട ധന്യ വി.വിയുടെ ഇൻസ്റ്റലേഷൻ സീരീസിൽ നാം കാണുന്നത് ശരീരത്തിന്റെ നോട്ടങ്ങളാണ്. പീഡനങ്ങളുടെയും അടിച്ചമർത്തലിന്റെയും നോവുകളോ ശക്തമായ ദൃശ്യഭാഷയിൽ അവതരിപ്പിക്കുന്നവയാണ് ധന്യയുടെ കലാകൃതികൾ. ജതിൻ ഷാജിയുടെ കളിമൺ ശില്പങ്ങൾ സൂക്ഷ്മമായ കാഴ്ചയുടെ ഉല്പന്നങ്ങളാവുമ്പോൾ, രൂപത്തെയും വിരൂപത്തെയും കുറിച്ചുള്ള സംവാദങ്ങളാണ് നിതിൻ ദാസ് തന്റെ ശില്പങ്ങളിലൂടെ മുന്നോട് വെക്കുന്നത്.തിരുവോണ ദിവസം ഗ്യാലറി അവധിയായിരിക്കും. പ്രദർശനം സെപ്തംബർ 01 ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽ വൈകുന്നേരം 7 മണി വരെയാണ്.

കോംപ്ലിമെന്ററി റോഡ് സൈഡ് അസിസ്റ്റൻസ് പ്രോഗ്രാമുമായി ടൊയോട്ട

കൊച്ചി: വാഹനം വാങ്ങുന്ന അന്ന് മുതൽ അഞ്ച് വർഷത്തേക്ക് ഉപഭോക്താക്കൾക്കായി കോംപ്ലിമെന്ററി റോഡ്സൈഡ് അസിസ്റ്റൻസ് പ്രോഗ്രാം എന്ന വാഗ്ദാനവുമായി ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ്. ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കുന്നതിനും സമാനതകളില്ലാത്ത മനസ്സമാധാനം പ്രദാനം ചെയ്യുന്നതിനുമായാണ് കമ്പനിയുടെ ശ്രദ്ധേയമായ ചുവടുവെയ്പ്പ്. ഉപഭോക്താക്കൾക്ക് തടസമില്ലാത്ത ഉടമസ്ഥത അനുഭവം ഉറപ്പുവരുത്തുക എന്ന പ്രതിബദ്ധത വീും ഉറപ്പിക്കുകയാണ് ടൊയോട്ട ആർഎസ്എ (റോഡ് സൈഡ് അസിസ്റ്റൻസ്) പ്രോഗ്രാമിലൂടെ. കേവലം ബ്രേക്ക്ഡൗൺ പിന്തുണ എന്നതിലുപരി ഓരോ ടൊയോട്ട ഉടമയ്ക്കും ഉറപ്പും സൗകര്യവും സുരക്ഷിതത്വ ബോധവും നൽകാനാണ് ആർഎസ്എയിലൂടെ ലക്ഷ്യമിടുന്നതെന്ന് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ സെയിൽസ് ആൻഡ് സ്ട്രാറ്റജിക് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് അതുൽ സൂദ് പറഞ്ഞു.വർഷങ്ങളായി, ഉപഭോക്താക്കൾ ടൊയോട്ടയുടെ ഉൽപ്പന്നങ്ങളെ മാത്രമല്ല സമയബന്ധിതവും സമാനതകളില്ലാത്തതുമായ റോഡ്സൈഡ് അസിസ്റ്റൻസുമടങ്ങുന്ന സേവനങ്ങളുടെ ലോകോത്തര നിലവാരം, സ്ഥിരത, വിശ്വാസ്യത എന്നിവയെയും അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ഉപഭോക്തൃ അനുഭവം സമ്പന്നമാക്കുന്നതിനുള്ള കമ്പനിയുടെ നിരന്തരമായ പരിശ്രമത്തിന് അടിവരയുമിടുന്നു. 2010ൽ ആരംഭിച്ച ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ ആർഎസ്എ പ്രോഗ്രാം കമ്പനിയുടെ ഉപഭോക്തൃ കേന്ദ്രീകൃത സമീപനത്തിന്റെ അവിഭാജ്യ ഘടകമാണ്. ഉപഭോക്താക്കൾക്ക് അവരുടെ അടിയന്തര ആവശ്യങ്ങൾക്ക് ഉടനടി എവിടെയും സഹായ പിന്തുണ വാഗ്ദാനം ചെയ്യുന്നു.വാഹനത്തിന്റെ തകരാർ, അപകടത്തിൽപ്പെട്ട വാഹനം മാറ്റുന്നതിന് ആവശ്യമായ സഹായം എന്നിവയെല്ലാം പുതിയ വാഹന പാക്കേജിന്റെ ഭാഗമാണ്. ഉദ്ദാഹരണത്തിന് വാഹനം ഓടിക്കാൻ പറ്റാത്ത അവസ്ഥയിലാണ് റോഡരികിലെങ്കിൽ, സർവീസ് ടീം അത്തരം വാഹനങ്ങൾ യഥാസമയം അടുത്തുള്ള ഡീലർഷിപ്പിലേക്ക് കൊുപോകാൻ സഹായിക്കുന്നു. വാഹന പ്രശ്നങ്ങൾ പരിഹരിക്കുക, ഡെഡ് ബാറ്ററികൾക്കുള്ള ജമ്പ് സ്റ്റാർട്ട്, ടയർ പഞ്ചർ അറ്റകുറ്റപ്പണികൾ, കുറഞ്ഞ ഇന്ധന നിലയിലോ വാഹനത്തിന്റെ പ്രധാന പ്രശ്നങ്ങളിലോ സഹായം, കൂടാതെ 50 കിലോമീറ്റർ വരെ ദൂരത്തേക്ക് ടാക്സികൾ ക്രമീകരിക്കുക എന്നിവയും പുതിയ റോഡ് സൈഡ് അസിസ്റ്റൻസിന്റെ ഭാഗമാണ്. ഉപഭോക്താക്കൾക്ക് അധിക ചിലവില്ലാതെ 5 വർഷത്തേക്ക് (പുതിയ വാഹനം വാങ്ങുന്ന തീയതി മുതൽ) റോഡ്സൈഡ് അസിസ്റ്റൻസ് പ്രോഗ്രാം മെച്ചപ്പെടുത്തുന്നതിൽ സന്തുഷ്ടരാണെന്നും അതുൽ സൂദ് പറഞ്ഞു. ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ പഭോക്തൃ പിന്തുണാ ടീമുകളിൽ നിന്ന് വേഗത്തിലുള്ള പ്രതികരണം ഉറപ്പാക്കിക്കൊ്, ആവശ്യമുള്ള സമയങ്ങളിൽ ഉടൻ തന്നെ ഉപഭോക്താക്കളെ ട്രാക്ക് ചെയ്യാൻ അനുവദിക്കുന്ന ’ഫൈൻഡ് മീ’ എന്ന ഫീച്ചറാണ് പുതിയ റോഡ് സൈഡ് അസിസ്റ്റൻസിന്റെ പ്രധാന സവിശേഷത. ഇതോടൊപ്പം ഡിആർഎസ്എ (DRSA) എന്ന ആർഎസ്എ പ്രക്രിയയുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ, സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു. ഇത് ഉപഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നത് എളുപ്പവും വേഗത്തിലാക്കുകയും ചെയ്യുന്നു. വ്യക്തിഗത പിന്തുണയുടെ ഒരു പുതിയ തലം സൃഷ്ടിച്ചുകൊ്, വാഹന കസ്റ്റോഡിയൻ സേവനവും (വെഹിക്കിൾ കസ്റ്റോഡിയൻ സർവീസ്) അവതരിപ്പിച്ചു. ഉപഭോക്താക്കൾക്ക് അവരുടെ റോഡ് സൈഡ് അസിസ്റ്റൻസ് ആവശ്യമായ സ്ഥലത്ത് ഉടനടി സഹായവും ആവശ്യമായ പിന്തുണയും നൽകുന്നു, അവരുടെ മുന്നോട്ടുള്ള യാത്ര തടസ്സമില്ലാതെ തുടരുന്നതിന് ഇത് വഴിയൊരുക്കും.

ആദ്യ സാമ്പത്തിക പാദത്തിൽ ഇൻഡെൽ മണിക്ക് റെക്കോഡ് ലാഭം

കൊച്ചി :രാജ്യത്തെ പ്രമുഖ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയായ ഇൻഡെൽമണി സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 21 കോടി രൂപയുടെ റെക്കോഡ് ലാഭം നേടി. മുൻ പാദ ഫലത്തേക്കാൾ 63 ശതമാനമാണ് വളർച്ച. കമ്പനിയുടെ വരുമാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെയപേക്ഷിച്ച് 74 ശതമാനം ഉയർച്ച കൈവരിച്ചു. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികൾ ഇതേ പാദത്തിൽ മുൻ വർഷത്തെയപേക്ഷിച്ച് 61 ശതമാനം വർധിച്ച് 1294.44 കോടി രൂപയുടേതായി. പ്രതിവർഷ വായ്പാ വിതരണ നിരക്കിൽ 40 ശതമാനം വളർച്ച രേഖപ്പെടുത്തി. . 2024 സാമ്പത്തിക വർഷം ഒന്നാം പാദത്തിൽ 850.64 കോടി രൂപയുടെ വായ്പകളാണ് നൽകിയത്. ഇതിൽ 92 ശതമാനവും സ്വർണ വായ്പയാണ് . വളർച്ചയിലുള്ള പ്രതിബദ്ധതയും മാറുന്ന വിപണി സാഹചര്യങ്ങൾ ഉൾക്കൊള്ളാനുള്ള കെൽപുമാണ് അഭിമാനകരമായ നേട്ടത്തിനിടയാക്കിയതെന്ന് ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു. കമ്പനി പുറത്തിറക്കിയ എൻസിഡി കടപ്പത്രങ്ങളുടെ മൂന്നാം ഘട്ടം 188 ശതമാനം സബ്സ്ക്രൈബ് ചെയ്യപ്പെട്ടു. കോർപറേറ്റ് ബോണ്ട് മാർക്കറ്റ് സംബന്ധിച്ച അസോചെം ദേശീയ ഉച്ചകോടിയിൽ ഇഷ്യുവർ ഓഫ് ദ ഇയർ പബൽക് ഇഷ്യുവൻസ് റണ്ണർ അപ് അവാർഡ് എന്ന മികച്ച നേട്ടവും കമ്പനി കൈവരിച്ചു.അന്തർദേശീയ സംഘടനയായ ഗ്രേറ്റ് പ്ളെയ്സ് ടു വർക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ’മികച്ച ജോലി സ്ഥലം ’ ബഹുമതി 202324ൽ തുടർച്ചയായി മൂന്നാം വർഷവും കമ്പനി നേടി. 2024 സാമ്പത്തിക വർഷം മധ്യപ്രദേശ്, രാജസ്ഥാൻ, ഡെൽഹി, ഗുജ്റാത്ത് എന്നീ നാലു സംസ്ഥാനങ്ങളിലായി 100 ലേറെ പുതിയ ശാഖകൾ തുടങ്ങാൻ പദ്ധതിയുണ്ട്. നിയമപരമായ നിബന്ധനകൾ പാലിക്കുന്നതിനൊപ്പം മതിയായ മൂലധനം (സിഎആർ) നിലനിർത്തുന്നതിലും ഇൻഡെൽ മണി പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

സന്ദർശകർക്ക് സമ്മാന പദ്ധതികൾ പ്രഖ്യാപിച്ച് സിൽവർ സ്റ്റോം വാട്ടർ തീം പാർക്ക്

SILVER STORM

അതിരപ്പിള്ളി : ഓണാഘോഷം കൂടുതൽ ആനന്ദകരമാക്കാൻ സന്ദർശകർക്ക് വിവിധ സമ്മാന പദ്ധതികളൊരുക്കി അതിരപ്പിള്ളി സിൽവർ സ്റ്റോം വാട്ടർ തീം പാർക്കും, സ്നോ സ്റ്റോം പാർക്കും. ഈ മാസം 24 മുതൽ ഒക്ടോബർ രണ്ട് വരെ നറുക്കെടുപ്പിലൂടെ ക്രിക്കറ്റ് ബാറ്റുകൾ, സൈക്കിളുകൾ, ഫുട്ബോളുകൾ എന്നിവയ്ക്ക് പുറമെ മെഗാ സമ്മാനമായി ഒരു ആപ്പിൾ ഐ പാഡുമാണ് നൽകുന്നത്. എല്ലാ ദിവസവും വൈകിട്ട് നറുക്കെടുപ്പ് നടത്തുമെന്നും വിജയികൾക്ക് അപ്പോൾ തന്നെ സമ്മാനങ്ങൾ നൽകുമെന്നും പാർക്ക് അധികൃതർ വാർത്താ കുറിപ്പിലൂടെ അറിയിച്ചു. പാർക്കിന്റെ 23ാം വർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച 150 കോടിയിൽ പരം രൂപയുടെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായതും കേരളത്തിൽ അത്ര സുപരിചിതമല്ലാത്തതുമായ കരിബിയൻ ബേ അക്വാ പ്ലേസ്റ്റേഷൻ, ബൂമറാംഗ്, അക്വാലൂപ്പ്, കാമികസി എന്നീ നാല് പുതിയ ഹൈത്രില്ലിങ് വാട്ടർ റൈഡുകൾ സന്ദർശകർക്ക് കൂടുതൽ ആനന്ദകരമാകുമെന്ന് മാനേജിംഗ് ഡയറക്ടർ എ.ഐ ഷാലിമാർ അറിയിച്ചു. കൂടാതെ യീീസശിഴ@ശെ ഹ്ലൃലേ്യീാ.ശി എന്ന സൈറ്റിലൂടെ ഓൺലൈനിൽ ബുക്ക് ചെയ്ത് എത്തുന്നവർക്ക് 10 ശതമാനം വരെ നിരക്കിൽ ഇളവും പ്രഖ്യാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയ്ക്ക് പുത്തൻ ഉണർവ്വും ഉത്തേജനവും പകരുന്നതിനാണ് ഇത്തരം സമ്മാന പദ്ധതികൾ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 94476 03344 എന്ന നമ്പറിൽ ബന്ധപ്പെടുക.

ആദ്യ പാദത്തിൽ 42.6% വളർച്ച രേഖപ്പെടുത്തി ഈസ്മൈട്രിപ്പ്.കോം

EaseMyTrip
MADE IN INDIA
EaseMyTrip.com

കൊച്ചി: ഇന്ത്യയിലെ പ്രമുഖ ഓൺലൈൻ ട്രാവൽ ടെക് പ്ലാറ്റ്ഫോമായ ഈസ്മൈട്രിപ്പ്.കോം ഈ ധനകാര്യ വർഷത്തിലെ ആദ്യ പാദത്തിൽ അഭൂതപൂർവ്വമായ ഫലമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ധനകാര്യ വർഷത്തിലെ ആദ്യ പാദത്തിൽ എക്കാലത്തേയും വലിയ ജിബിആർ (മൊത്ത ബുക്കിങ് വരുമാനം) ആയ 2371 കോടി രൂപ നേടിക്കൊ് 42.6% വരുന്ന മികവുറ്റ വളർച്ച രേഖപ്പെടുത്തി. കമ്പനി അതിന്റെ 15ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് ഒന്നാം പാദത്തിലെ ഈ നിർണ്ണായക നേട്ടം എന്നുള്ളത് അതിനെ കൂടുതൽ തിളക്കമുള്ളതാക്കി മാറ്റുന്നു. കഴിഞ്ഞ 15 വർഷങ്ങളിൽ ഒടിഎ വ്യവസായ മേഖലയിൽ ഏറ്റവും പ്രമുഖ കമ്പനി എന്ന നിലയിൽ ഈസ്മൈട്രിപ്പ്.കോം ഉറപ്പോടെ, സ്ഥിരമായ വളർച്ചയാണ് നേടിക്കൊിരിക്കുന്നത്.15ാം വാർഷികത്തിന്റെ ഭാഗമായി കമ്പനി നടത്തിയ മെഗാ സെയിലും നൂതനമായ ബ്രാൻഡ് ബസാർ എന്ന സംരംഭവും അതിന്റെ പ്ലാറ്റ്ഫോമിലേക്ക് വിശാലമായ ശ്രേണികളിൽപ്പെട്ടവരെ ആകർഷിക്കുവാൻ കമ്പനിയെ സഹായിച്ചു. 2024 ഒന്നാം പാദത്തിൽ ഈസ്മൈട്രിപ്പ് 32.1 ലക്ഷം വിമാന ടിക്കറ്റുകളും, 1.6 ലക്ഷം ഹോട്ടൽ മുറികളും 2.2 ലക്ഷം ട്രെയിൻ, ബസ് ടിക്കറ്റുകളും വിറ്റഴിച്ചു. കമ്പനിയുടെ ദുബായ് ബിസിനസ് ആദ്യ പാദത്തിൽ 648.8% വളർച്ച കാണിച്ചു 53.0 കോടി രൂപയുടെ ബിസിനസ് നേടിയെടുത്തു. സ്പൈസ്ജെറ്റ് എയർലൈൻസുമായി ഉാക്കിയ ജനറൽ സെയിത്സ് എഗ്രിമെന്റ് ഇന്ത്യൻ വിപണിയിൽ ഉപഭോക്താക്കൾക്ക് മറ്റ് ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും കൂടെ യാത്രാ ടിക്കറ്റുകൾ കൂടി ഫലപ്രദമായി വിപണനം ചെയ്യുവാൻ കമ്പനിയെ സഹായിച്ചു. കഴിഞ്ഞ വർഷം ജൂണിൽ ദുബായിൽ നടന്ന വേൾഡ് പാഡൽ ലീഗ് 2023ന്റെ ഔദ്യോഗിക യാത്രാ പങ്കാളി കൂടിയായിരുന്നു ഈസ്മൈട്രിപ്പ്.

24 മണിക്കൂർ കോൺടാക്ട് സെന്ററുമായി എസ്ബിഐ ലൈഫ്

SBI Life
Apne liye. Apno ke liye.

കൊച്ചി: എസ്ബിഐ ലൈഫ് ഇൻഷൂറൻസ് എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇൻബൗണ്ട് കോൺടാക്ട് കേന്ദ്രത്തിനു തുടക്കം കുറിച്ചു. ഇത്തരത്തിലെ കേന്ദ്രത്തിനു തുടക്കം കുറിക്കുന്ന ഇന്ത്യയിലെ ആദ്യ സ്വകാര്യ ലൈഫ് ഇൻഷൂറൻസ് കമ്പനിയായി ഇതോടെ എസ്ബിഐ ലൈഫ് മാറി. 18002679090 എന്ന ടോൾ ഫ്രീ നമ്പറിലേക്ക് ഉപഭോക്താക്കൾക്ക് തങ്ങളുടെ സൗകര്യപ്രദമായ സമയത്തു വിളിക്കാനാവും.ഉപഭോക്താക്കളുടെ ഇൻഷൂറൻസ് സംബന്ധിയായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും തൽസമയ പരിഹാരം നൽകാൻ ഈ 24 മണിക്കൂർ കേന്ദ്രം വഴിയൊരുക്കുമെന്ന് എസ്ബിഐ ലൈഫ് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ മഹേഷ് കുമാർ ശർമ പറഞ്ഞു.

പുതിയ കിയ സെൽറ്റോസിന് ഒരു മാസത്തിനുള്ളിൽ 31,716 ബുക്കിംഗുകൾ

കൊച്ചി: സെഗ്മെൻറിലെ ഏറ്റവും ഉയർന്ന ഫസ്റ്റ് ഡേ ബുക്കിംഗ് രേഖപ്പെടുത്തിയ ശേഷം, പുതിയ സെൽറ്റോസ് ഇപ്പോൾ ഒരു മാസത്തിനുള്ളിൽ 31,716 ബുക്കിംഗുകൾ നേടിയതായി കിയ ഇന്ത്യ പ്രഖ്യാപിച്ചു. ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ടഡഢ യായ കിയ സെൽറ്റോസിൻറെ പ്രീബുക്കിംഗ് 2023 ജൂലൈ 14ന് 10.89 ലക്ഷം രൂപ മുതൽ 19.99 ലക്ഷം രൂപ വരെ (എക്സ്ഷോറൂം) വിലയിലാണ് ആരംഭിച്ചത്. ഇന്ത്യയിൽ കിയക്ക് സ്ഥാനം ഉറപ്പിച്ച കോർ ബ്രാൻഡാണ് സെൽറ്റോസ്, മുമ്പത്തെ പതിപ്പ് 2019 മുതൽ ഇതിനകം 5 ലക്ഷം യൂണിറ്റുകൾ വിറ്റഴിച്ചു.

ഓണത്തിന് പ്രത്യേക എഡിഷൻ പാക്കുമായി സഫോള ഓട്സ്

GET ASSURED CASHBACK OF ₹100 & SAFFOLA OATS 300g PACK FREE
Saffola Oats
Festive Pack
Creamy Oats
FREE 1kg PACK

കൊച്ചി: ഓണത്തിന് രാജ്യത്തെ മുൻനിര എഫ് എം സി ജി കമ്പനിയായ മാരികോ ലിമിറ്റഡ് സഫോള ഓട്സിന്റെ പ്രത്യേക ഉത്സവകാല എഡിഷൻ പാക്ക് വിപണിയിൽ. ക്രീം പരുവത്തിലുള്ള ഓട്സിന്റെ ഹൃദ്യമായ സ്വാദ് പകരുന്നതാണ് സഫോള ഓട്സിന്റെ ഉത്സവകാല പാക്ക്. ആകർഷകമായ സമ്മാനങ്ങളും ഉൾപ്പെടുത്തിയിട്ട്. ഒരു കിലോ ഗ്രാം സഫോളഓട്സ് വാങ്ങുമ്പോൾ മുന്നൂറ് ഗ്രാമിന്റെ പാക്കറ്റ് തികച്ചും സൗജന്യമായി ലഭിക്കുമെന്നതിനു പുറമെ 100 രൂപ ക്യാഷ് ബാക്കുമു്.ധാന്യങ്ങളുൾപ്പെടുത്തി പ്രത്യേക രീതിയിൽ തയ്യാറാക്കിയ സഫോള ഓട്സ് പോകഷസമൃദ്ധവും രുചികരവുമായതിനാൽ പ്രായഭേദമന്യേ എല്ലാവർക്കും പ്രിയങ്കരമാണ്. കേരളീയരുടെ ഹൃദയത്തിൽ പ്രത്യേകമായി ഇടംപിടിച്ചുകൊ് ഓണാഘോഷങ്ങളിൽ പങ്കാളികളാകാൻ കഴിയുന്നതിൽ ഏറെ ആവേശവും ആഹ്ളാദവുമുന്നെ് മാരികോ ലിമിറ്റഡ് ഇന്ത്യ ബിസിനസ് സി ഒ ഒയും ന്യൂ ബിസിനസ് സി ഇ ഒയുമായ സഞ്ജയ് മിശ്ര പറഞ്ഞു.

സീഫുഡ് ഫെസ്റ്റുമായി ഓ ബൈ താമര

Taste the Oceans Finest
Celebrate Keralas rich seafood delicacies at O by Tamara's seafood food festival!
22nd to 27th August 2023

തിരുവനന്തപുരം: രുചിയേറും സമുദ്രവിഭവങ്ങളുമായി ഓ ബൈ താമരയുടെ സീഫുഡ് ഫെസ്റ്റ്. ഓഗസ്റ്റ് 22 മുതൽ 27 വരെ നടക്കുന്ന സീഫുഡ് ഫെസ്റ്റിന്റെ മുഖ്യാകർഷണം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രാദേശിക വിഭവങ്ങളാണ്. തനത് രുചികൾക്കൊപ്പം തത്സമയ സമുദ്രവിഭവങ്ങൾ തിരഞ്ഞെടുക്കാനുള്ള പ്രത്യേക കൗറും ഉായിരിക്കും. എല്ലാ ദിവസവും വൈകുന്നേരം 7.00 മുതൽ 10.30 വരെയാണ് ബുഫെ രീതിയിൽ ഒരുക്കിയിരിക്കുന്ന ഫെസ്റ്റ് സംഘടിപ്പിക്കപ്പെടുന്നത്.ബുക്കിംഗിന്: +91 471 710 0111/+91 471 666 0888

സന്ദർശകരുടെ എണ്ണത്തിൽ 20% വളർച്ച നേടി ദുബായ്

കൊച്ചി: ദുബായിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസം പുറത്തുവിട്ട ഏറ്റവും പുതിയ ഡാറ്റ പ്രകാരം, 2023 ജനുവരി മുതൽ ജൂൺ വരെ 8.55 ദശലക്ഷം അന്തർദ്ദേശീയ സന്ദർശകരാണ് ദുബായ് സന്ദർശിച്ചത്. 2019 ലെ കോവിഡിന് മുൻപുള്ള 8.36 ദശലക്ഷം സഞ്ചാരികൾ എന്നതു ഈ വർഷം ദുബായ് മറികടന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിക്കുന്ന സ്ഥലമായി മാറുക എന്ന ലക്ഷ്യത്തിലേക്ക് നഗരം ക്രമാനുഗതമായി മുന്നേറുകയാണെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ റെക്കോഡ് പ്രകടനം ദുബായ് ഇക്കണോമിക് അജണ്ട ഡി33 ന്റെ ലോകത്തിലെ ഏറ്റവും മികച്ച മൂന്ന് നഗരങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് നഗരത്തെ കൂടുതൽ അടുപ്പിക്കുന്നു. നഗരത്തിലെ ഹോട്ടലുകൾ ഒക്യുപൻസി, എഡിആർ , റിവ്പിഎആർ, ഒക്യുപൈഡ് റൂം നൈറ്റ്സ്, അതിഥികളുടെ താമസത്തിന്റെ ദൈർഘ്യം എന്നിവയിൽ കോവിഡിന് മുൻപുള്ള കണക്കുകളെ മറികടക്കുകയും ആഗോള സഞ്ചാരികൾക്കുള്ള ആദ്യ ചോയ്സ് ലക്ഷ്യസ്ഥാനമായി തുടരാൻ നഗരത്തെ സഹായിക്കുകയും ചെയ്യുന്നു. 2023 ലെ ആദ്യ ആറ് മാസങ്ങളിൽ ദുബായുടെ 78% ശരാശരി ഹോട്ടൽ താമസം ലോകത്തിലെ തന്നെ ഏറ്റവും ഉയർന്ന ശരാശരിയാണ്.യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഹിസ് ഹൈനസ് ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ നേതൃത്വത്തിൽ ദുബായ് ഇക്കണോമിക് അജണ്ട ഡി 33, ലോകത്തെ നഗര സമ്പദ്‌വ്യവസ്ഥകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും വച്ച് ഏറ്റവും മികച്ച നഗരമെന്ന പദവി കൂടുതൽ ഉറപ്പിക്കുന്നതിനുള്ള ഒരു പുതിയ പാതയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. . ദുബായുടെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന സ്തംഭമെന്ന നിലയിൽ, ടൂറിസം മേഖല അതിന്റെ ഭാവി അഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത് തുടരും. ദുബായ് കിരീടാവകാശിയും ദുബായ് എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ ഹിസ് ഹൈനസ് ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പറഞ്ഞു.

സ്പോർട്സ് ക്വാട്ട സീറ്റ് ഒഴിവ്

തിരുവനന്തപുരം: 2023-24 അധ്യയന വർഷം താനൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളജിൽ ബി.സി.എ, ബി.എ ഇംഗ്ലീഷ്, ബി.എസ്‌സി ഇലക്ട്രോണിക്സ് എന്നീ ബിരുദ കോഴ്സുകളുടെ ഒന്നാം വർഷത്തിലേക്ക് അനുവദിച്ച സ്പോർട്സ് ക്വാട്ട സീറ്റുകളിൽ ഒഴിവുണ്ട്. പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ ആഗസ്റ്റ് 23ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് മുൻപായി യോഗ്യത (വിദ്യാഭ്യാസം/സ്പോർട്സ്) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം കോളജ് ഓഫീസിൽ നേരിട്ട് അപേക്ഷ നൽകണം. വിശദാംശങ്ങൾക്ക് കോളജ് വെബ്സൈറ്റ് gctanur.ac.in സന്ദർശിക്കുക.

തൊഴിലധിഷ്ഠിത കോഴ്സുകൾ

തിരുവനന്തപുരം: തിരുവനന്തപുരം കൈമനത്തുള്ള സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യുയിംഗ് എഡ്യുക്കേഷൻ സെല്ലിന്റെ കീഴിൽ ഉടൻ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ), ഡെസ്ക്ക് ടോപ് പബ്ലിഷിംഗ് (ഡി.റ്റി.പി), ഡേറ്റ എൻട്രി, ഓട്ടോകാഡ് (2ഉ, 3ഉ), ടാലി, പിഎച്ച്പി, പൈത്തൺ പ്രോഗ്രാമിംഗ്, വെബ് ഡിസൈനിംഗ്, എം.എസ് ഓഫീസ്, ഓഫീസ് ഓട്ടോമേഷൻ, ജാവ പ്രോഗ്രാമിംഗ്, ഹാൻഡ് എംബ്രോയിഡറി & പെയിന്റിംഗ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ, ക്രാഫ്റ്റ് വർക്ക്, കമ്മ്യൂണികേറ്റിവ് ഇംഗ്ലീഷ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. ഫോൺ: 0471 2490670.

സുസ്ഥിര ഗ്രാമത്തിനു തറക്കല്ലിട്ടു

കൊച്ചി: സസ്റ്റൈനബിൾ വില്ലേജ് ഫ്രം ഗ്രീൻ കളക്ടീവ് പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഭവന സംരംഭത്തിനു പി.എച്ച് കുര്യൻ ഐഎഎസ് തറക്കല്ലിട്ടു. പൊതു പച്ചക്കറി കൃഷി, കുടിവെള്ളത്തിനും കൃഷിക്കുമായി ശുദ്ധജലം സംഭരിച്ച തടാകം, വിനോദത്തിനും ഒഴിവു സമയങ്ങൾ ചിലവഴിക്കാനും ധാരാളം സ്ഥലങ്ങൾ, നടപ്പാതകൾ, വീതിയേറിയ റോഡുകൾ തുടങ്ങിയ സൗകര്യങ്ങളും സേവനങ്ങളും തുടങ്ങി സർക്കാർ വ്യവസ്ഥകളേക്കാൾ കൂടുതൽ പൊതുസ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഒരു നൂതനമായ മാതൃകയാണ് ഈ പുതിയ വില്ല പ്രോജക്ട്. ഗസീബോസ്, ആംഫിതിയേറ്റർ, ക്ലബ്ബ് ഹൗസ് തുടങ്ങിയ വിപുലമായ സൗകര്യ 7075 വില്ലകളായിരിക്കും കമ്മ്യൂണിറ്റിയിൽ ഉണ്ടാവുക. പച്ചക്കറി കൃഷിക്ക് 2.9 ഏക്കർ, സ്വന്തം ഉപയോഗത്തിനും കൈമാറ്റത്തിനും ഉപയോഗിക്കാവുന്ന ഫലവൃക്ഷങ്ങളുള്ള വീട്ടുമുറ്റം, ശുദ്ധമായ ഭക്ഷണം, ശുദ്ധവായു, താമസിക്കുന്ന സ്ഥലത്ത് ശുദ്ധമായ ഊർജ്ജം, സമാന ചിന്താഗതിക്കാരായ വ്യക്തികൾ നിർവചിക്കുന്ന ഗ്രാമീണ സംസ്കാരം എന്നിവയോടെയുള്ള ഈ ഗ്രാമം തിരുവനന്തപുരം ടെക്നോപാർക്കിനടുത്തായാണ് നിർമ്മിക്കുന്നത്.തങ്ങൾ വാഗ്ദാനം ചെയ്യുന്നത് ഇഷ്ടികയും മോർട്ടാറുകളും ഉപയോഗിച്ചുള്ള ഒരു പാർപ്പിടമല്ല, പ്രകൃതിയുമായി യഥാർത്ഥ ഇണക്കമുള്ള ഗ്രാമങ്ങളിലെ വീടുകൾ പോലെയുള്ള വീടുകളാണെന്ന് ഈ സംരംഭത്തിന് തുടക്കമിട്ട ബിനു ജേക്കബ് പറയുന്നു. എല്ലാവരും കൃഷി ചെയ്യുകയും അയൽപക്കത്ത് ഭക്ഷ്യ ഉൽപന്നങ്ങൾ പങ്കിടുകയും ചെയ്യുന്ന സുസ്ഥിര ഗ്രാമത്തിൽ എല്ലാവർക്കും ആവശ്യമായ പഴങ്ങളും പച്ചക്കറികളും ഉണ്ടായിരിക്കും, അങ്ങനെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും ബിനു ജേക്കബ് പറയുന്നു. ഭൂപ്രകൃതിയുടെ രൂപരേഖകൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഈ പരിസ്ഥിതി സൗഹൃദ ഗ്രാമം, ഭൂമിയുടെ സ്വാഭാവിക ചരിവുകളോടും ഭൂപ്രകൃതിയോടും ഇണങ്ങിച്ചേരുന്നതിന് സൂക്ഷ്മമായാണ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് പദ്ധതിയുടെ പിന്നിൽ ആർക്കിടെക്റ്റായ ബിൽഡ്നെക്സ്റ്റിന്റെ സ്ഥാപകനും സിഇഒയുമായ ഗോപി കൃഷ്ണൻ പറഞ്ഞു.ലൊക്കേഷൻ ആകർഷകമായ പനോരമിക് വിസ്റ്റകളും മയപ്പെടുത്തുന്ന സൂര്യാസ്തമയങ്ങളും വാഗ്ദാനം ചെയ്യുന്നു, ഒപ്പം കമ്മ്യൂണിറ്റിയിലെ എല്ലാ വില്ലകളും ഈ അതിമനോഹരമായ രംഗങ്ങൾ പകർത്താനും പ്രദർശിപ്പിക്കാനും മികച്ച സ്ഥാനം നൽകിയിട്ടുണ്ട്. ഓരോ വാസ്തുവിദ്യാ ഘടകവും, ഇന്റീരിയർ ഗോവണിപ്പടികൾ വരെ, തടസ്സമില്ലാത്ത ദൃശ്യതുടർച്ച നിലനിർത്താനും താഴ്ന്ന ചാരുതയുടെ സത്ത നിലനിർത്താനും ചിന്താപൂർവ്വം തിരഞ്ഞെടുത്തിരിക്കുന്നു. പരിസ്ഥിതിക്ക് ഒരു ഭാരമാകാതെ ആഡംബരത്തെ ലിവിംഗ് സ്പെയ്സുകളിലേക്ക് ലയിപ്പിക്കുന്ന തരത്തിലാണ് പ്രോജക്റ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും ഗോപി കൃഷ്ണൻ പറഞ്ഞു.

Better Homes, Better Lives !
SHOT AT OWN SITE
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE

Liva®

'Diamonds are forever'
MODULAR INTERIORS TOO!

www.livainteriors.com

THE EVERLASTING MODULAR INTERIORS

SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

Liva KITCHENS& INTERIORS

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE &
SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663